"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ - ആശ്വാസകിരണം പദ്ധതി - പ്രതിമാസ ധനസഹായ നിരക്ക് 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(കൈ) നം.13/2026/SJD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:-

1. 28.01.2011 തീയതിയിലെ സ.ഉ.(എം.എസ്) നം.9/2011/സാ.ക്ഷേ.വ നമ്പർ ഉത്തരവ്.
2. 21.10.2016 തീയതിയിലെ സ.ഉ.(എം.എസ്) നം.51/2016/സാ.നീ.വ നമ്പർ ഉത്തരവ്.
3. 2026-2027 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗം
4. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10-07-2026 തീയതിയിലെ KSSM/654/2026-P4 നമ്പർ കത്ത്.

**ഉത്തരവ്**

തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, 100% അംഗപരിമിതർ, കിടപ്പിലായ രോഗികൾ, ക്യാൻസർ രോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങിയ അസുഖങ്ങൾ ബാധിച്ചവർ, വാർദ്ധക്യം മൂലം ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമുള്ളവർ എന്നിവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയായ ആശ്വാസകിരണം പദ്ധതി, പരാമർശം (1) പ്രകാരം നിലവിൽ വരികയുണ്ടായി. ടി പദ്ധതിയുടെ ധനസഹായ തുക പരാമർശം (2) പ്രകാരം 600/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ 600-ാം ഖണ്ഡികയിൽ ധനസഹായ തുക 1000/- രൂപയായി വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, നിലവിലുള്ള ധനസഹായ തുക 1000/- രൂപയായി വർദ്ധിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (4) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം 600/- രൂപയിൽ നിന്നും 1000/- രൂപയായി (ആയിരം രൂപ മാത്രം) ഈ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (WW-WW4/87/2022-FIN പ്രകാരം)
ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്.
വെബ് & ന് മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Digitally signed by
SHABEEN S
Date: 14-08-2026
16:59:19
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മത്സ്യബന്ധനം-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
സാമൂഹ്യനീതി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്